**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310** **13-07-2022 - ൽ മറുപടിയ്ക്ക്**

**തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ നിലവിൽ എത്ര തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിവുണ്ട്; | (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ നിലവിൽ തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകളില്ല. |
| (ബി) | ആയതിൽ കഴിഞ്ഞ രണ്ട് മാസമായി ഒഴിഞ്ഞു കിടക്കുന്ന എത്ര തസ്തികകളുണ്ട്; സർക്കാരിന്റെ നയപരിപാടികൾ താഴെ തട്ടിൽ നടപ്പിലാക്കുന്ന പ്രധാന ഉദ്യോഗസ്ഥരായ തഹസീൽദാർമാരുടെ തസ്തികകൾ ഒഴിച്ചിട്ടുവാൻ കാരണമെന്താണെന്ന് അറിയിക്കുമോ; | (ബി) | തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ കഴിഞ്ഞ 2 മാസമായി 54 ഒഴിവുകൾ നിലവിൽ വന്നിരുന്നു. എന്നാൽ ചില കോടതി വ്യവഹാരങ്ങളെ തുടർന്ന് പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. നിയമ തടസ്സം നീങ്ങിയതിനെ തുടർന്ന് പ്രസ്തുത ഒഴിവുകളിലേയ്ക്ക് 28.06.2022 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമപ്രകാരം സ്ഥാനക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുകയും അപ്രകാരം ടി ഒഴിവുകൾ നികത്തിയിട്ടുമുണ്ട്. പ്രസ്തുത തസ്തികയിലെ എല്ലാ ഒഴിവുകളും നിലവിൽ നികത്തിയിട്ടുണ്ട്. |
| (സി) | ഒഴിവുകൾ നികത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ കഴിഞ്ഞ 2 മാസമായി 54 ഒഴിവുകൾ നിലവിൽ വന്നിരുന്നു. എന്നാൽ ചില കോടതി വ്യവഹാരങ്ങളെ തുടർന്ന് പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. നിയമ തടസ്സം നീങ്ങിയതിനെ തുടർന്ന് പ്രസ്തുത ഒഴിവുകളിലേയ്ക്ക് 28.06.2022 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമപ്രകാരം സ്ഥാനക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുകയും അപ്രകാരം ടി ഒഴിവുകൾ നികത്തിയിട്ടുമുണ്ട്. പ്രസ്തുത തസ്തികയിലെ എല്ലാ ഒഴിവുകളും നിലവിൽ നികത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ